**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3256** | **25-10-2021 - ൽ മറുപടിയ്ക്ക്**

**ചുമട്ടു തൊഴിലാളികളുടെ നോക്കുകൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നോക്കുകൂലി തടയാൻ നിലവിൽ സർക്കാർ സംവിധാനങ്ങൾ ഉണ്ടോ എന്നും എങ്കിൽ അത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോയെന്നും വിശദമാക്കാമോ? | (എ) | ഉണ്ട്. ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30/04/2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച പരാതി ഇടയ്ക്കിടെ ലഭിക്കാറുണ്ട്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26എ അനുശാസിക്കുന്ന വിധത്തിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതി പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടായിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും, ഇത്തരം |

| | | | |
|---|---|---|---|
| | | | അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ ഭൂരിഭാഗവും ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ല എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടു തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലെയെയും ചുമതലപ്പെടുത്താൻ ടി യോഗത്തിൽ തീരുമാനമായി. |

സെക്ഷൻ ഓഫീസർ